# സഹദാ തുല്യനായ തിരുമേനി

- ഡോ. ജോർജ് ജോസഫ്, സഭാ സെക്രട്ടറി



ഈ നൂറ്റാണ്ടിൽ മലങ്കരസഭയിൽ ജീവിച്ചിരുന്ന ഏറ്റവും പ്രഗത്ഭനായ മെത്രാപ്പൊലീത്തയായിരുന്നു വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പൊലീത്ത. പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിൽ ഏകദേശം മുപ്പതു വർഷം അദ്ദേഹം മലങ്കരസഭയ്ക്കു ധീരമായ നേതൃത്വം നൽകി.

മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യത്തിനുവേണ്ടി പരിശുദ്ധ വട്ടശേരിൽ തിരുമേനി നിലകൊണ്ടു. മലങ്കരസഭയുടെ സ്വാതന്ത്ര്യമായിരുന്നു പരിശുദ്ധ വട്ടശേരിൽ തിരുമേനിയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. സഭാസ്വാതന്ത്ര്യത്തെ അടിയറവയ്ക്കുവാൻ തയാറാകാതെയിരുന്ന അദ്ദേഹത്തെ അന്ത്യോക്യാ പാത്രിയർക്കീസ് മുടക്കി. സഭയിൽ ഭിന്നതയുണ്ടായി. ആ ഭിന്നതയിലും പതറാതെ നിന്നുകൊണ്ട് മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കാൻ വട്ടശേരിൽ തിരുമേനിക്കു സാധിച്ചു.

പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കിയപ്പോൾ പാത്രിയർക്കീസിന്റെ മുമ്പിൽ ഇനിയും ഒരുകാലത്തും മലങ്കരസഭയ്ക്കു മുട്ടുകുത്തുവാൻ ഇടവരാതിരിക്കുവാൻവേണ്ടി ഇവിടെ കാതോലിക്കാസ്ഥാപനം ഉണ്ടാകുവാൻ വട്ടശേരിൽ തിരുമേനി മുമ്പോട്ടുവന്നു. കാതോലിക്കാസ്ഥാപനം ഉണ്ടായതിലൂടെ മലങ്കരസഭ അതിന്റെ സ്വയംഭരണാവകാശം ഉറക്കെ പ്രഖ്യാപിക്കുകയാണുണ്ടായത്.

ആദ്യത്തെ കാതോലിക്കായെ വാഴിക്കാൻ പാത്രിയർക്കീസിനെ ക്ഷണിച്ചെങ്കിലും രണ്ടാമത്തെ കാതോലിക്കായെ വാഴിക്കാൻ ആരുടെയും സഹായത്തിനുവേണ്ടി വട്ടശേരിൽ തിരുമേനി കാത്തുനിന്നില്ല. രണ്ടാം കാതോലിക്കായെയും മൂന്നാം കാതോലിക്കായെയും പാത്രിയർക്കീസിന്റെ അനുവാദം ചോദിക്കാതെ അദ്ദേഹംതന്നെ നേതൃത്വംകൊടുത്തു വാഴിച്ചു. മലങ്കരസഭാ ഭരണഘടനയുടെ ശിൽപി വട്ടശേരിൽ തിരുമേനിയാണ്. ഭരണഘടനാ നിർമാണത്തിന് ആലോചനായോഗങ്ങൾ വിളിച്ചുകൂട്ടിയതും ഭരണഘടന നിർമിക്കാൻ കമ്മിറ്റിയെ നിയമിച്ചതും ഭരണഘടനയുടെ ഒരു നക്കൽ ആദ്യമായി തയാറാക്കിക്കൊടുത്തതും വട്ടശേരിൽ തിരുമേനിതന്നെയാണ്.

സഭ എങ്ങനെ ഭരിക്കപ്പെടണമെന്നതിനെക്കുറിച്ചു തിരുമേനിക്കു വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഭരണഘടനയെ സംബന്ധിച്ചുള്ള ആലോചന നടക്കുന്ന അവസരത്തിൽ പരമാധികാരം മാനേജിങ് കമ്മിറ്റിക്കായിരിക്കണമെന്ന് ഒരുകൂട്ടരും കാതോലിക്കായ്ക്ക് ആയിരിക്കണമെന്നു വേറൊരുകൂട്ടരും വാദിച്ചു. പരമാധികാരം മെത്രാന്മാരുടെ സുന്നഹദോസിനായിരിക്കണമെന്നും കാതോലിക്കാ സുന്നഹദോസിനു വിധേയനായിരിക്കണമെന്നും തിരുമേനി നിർദേശിച്ചു.

തിരുമേനിയുടെ ആത്മീയജീവിതവും സമ്പന്നമായിരുന്നു. കപടഭക്തി കറതീണ്ടിയിട്ടില്ലാത്ത ഒരു പരിശുദ്ധനെന്ന് അദ്ദേഹത്തെ അടുത്തറിയാവുന്നവരെല്ലാം സാക്ഷിക്കും. വട്ടശേരിൽ തിരുമേനിയെ വധിക്കുവാനായി പാത്രിയർക്കീസ് കക്ഷിയുടെ വാടകക്കൊലയാളികൾ പഴയസെമിനാരിയിൽ കയറിയിറങ്ങി നടന്നിട്ടുണ്ട്. കൊല്ലുവാനടുത്തവർ ആ ആത്മീയശോഭയുടെ മുൻപിൽ പതറിവീണു.

ആത്മവീര്യം കെടുത്തുവാൻ പഴയസെമിനാരിയിൽ അദ്ദേഹത്തിന്റെ മുറിക്കു മുന്നിൽ വന്നു നിന്നു വാടകഗുണ്ടകൾ ചീത്തവിളിച്ചു. അദ്ദേഹത്തോടുകൂടെയുണ്ടായിരുന്ന സെമിനാരി മാനേജരെ എതിരാളികൾ തല്ലിച്ചതച്ചു. അദ്ദേഹത്തിന്റെ അംഗരക്ഷകനെ എറിഞ്ഞും അടിച്ചും വെട്ടിയും കൊന്നു. കേസിൽ തോൽവി വന്നപ്പോഴും അചഞ്ചലനായി സഭയ്ക്കു നേതൃത്വം നൽകിയ ധീരാത്മാവായി അദ്ദേഹം നിന്നു. മലങ്കരയിൽ ഒരു സഭാനേതാവിനും ഉണ്ടായിട്ടില്ലാത്തതരത്തിൽ മാനസികവും ശാരീരികവുമായ പീഡകൾ ഏൽക്കേണ്ടിവന്ന വട്ടശേരിൽ തിരുമേനി സഹദായെന്ന പേരിന് എന്നും അർഹനാണ്. Source : Manoramaonline.com www.pallibhagamyouth.com